**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5295** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായി വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ പദ്ധതിയും മുഖേന എത്ര ഗുണഭോക്താക്കൾക്ക് സഹായം നൽകി വരുന്നുണ്ട്; വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഒരോ പദ്ധതിയിലൂടെയും സഹായം നൽകിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ അനുബന്ധം 2 ായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം : 1</u>

## കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ

1. <u>ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം</u>

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി അനുവദിക്കുന്നു. മൂന്ന് വർഷത്തിലൊരിക്കലാണ് ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ്-വെയറോടു കൂടിയ ലാപ്ടോപ്പ്, വീൽചെയർ, മൂന്ന് വീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി പ്ലയറുകൾ, കുടലിൽ കാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി. ചെയറുകൾ, വാക്കർ തുടങ്ങി 1 0 0 ഓളം ഉപകരണങ്ങൾ കോർപ്പറേഷനിൽനിന്നും നൽകിവരുന്നു. ഗവൺമെന്റ് ഡോക്ടർമാരുടെ ശിപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, റേഷൻ കാർഡ്, ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

<u>നിബന്ധനകൾ</u>

- കേരളത്തിൽ സ്ഥിരതാമസക്കാരനായിരിക്കണം.
- 40%-മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- വാർഷിക വരുമാനം 1,00,000/- രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, വോയ്സ് എൻഹാൻഡ്സ് സോഫ്റ്റ്വെയറോടുകൂടിയ ലാപ്പ്ടോപ്പ്, സൈഡ് വീൽ സ്കൂട്ടർ എന്നിവ എട്ട് വർഷത്തിലൊരിക്കലും സഹായ ഉപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കലും മാത്രം (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ) നൽകി വരുന്നു.

2. <u>ട്രൈസ്കൂട്ടർ വിതരണം</u>

നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്

<u>നിബന്ധനകൾ</u>

- 18 വയസ്സിന് മുകളിൽ പ്രായം
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ചലന പരിമിതി

- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Elgibility Criteria) ആയിരിക്കും
- ലോക്കോമോട്ടോർ ഡിസബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്ന ശേഷിക്കാരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- Eligibility Criteria meet ചെയ്യുന്ന വനിതകൾക്കും എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന.

3. <u>മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി</u>

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും 15,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. നിശ്ചിത അപേക്ഷഫോറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റ് ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ്, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

4. <u>സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പസബ്സിഡി)</u>

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുളളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏര്യാ ബാങ്കിലേക്ക് അപേക്ഷ ശുപാർശ ചെയ്യുന്നു. ഇതിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം 40 ശതമാനത്തിനു മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ കോപ്പി, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

5. <u>സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം</u>

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്ക് അനുയോജ്യമായ മൈക്രോ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനും അതരാംഭിക്കാനുമായി 20,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കി വരുന്നു. സംഘത്തിൽ കുറഞ്ഞത് 5 ഭിന്നശേഷിക്കാരായ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. തദ്ദേശ സ്ഥാപനങ്ങൾ/ കുടുംബശ്രീകൾ മുഖേന രജിസ്റ്റർ ചെയ്തതായിരിക്കണം.

6. <u>ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം</u>

ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് ധനസഹായമായി 5000/- രൂപ അനുവദിക്കുന്നു.

നിബന്ധനകൾ

- 18 വയസ്സിന് മുകളിൽ പ്രായം
- 40-ഉം അതിന് മുകളിലുമുള്ള ഭിന്നശേഷിത്വം
- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനം
- ലോട്ടറി വകുപ്പിൽ നിന്നുള്ള ലൈസൻസും പുതിയ ഏജൻസി സർട്ടിഫിക്കറ്റും
- പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്

7. സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം

സ്വയം തൊഴിൽ വായ്പയ്ക്കായി ഈട് നൽകാൻ സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് 25,000/- രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

നിബന്ധനകൾ

- ക േരളത്തിൽ സ്ഥിര തമാസക്കാരനായിരിക്കണം
- 40% മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം
- വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ഗുരുതരമായ ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരമായ അസുഖം ബാധിച്ച വൃദ്ധർ, 14 വയസ്സിന് താഴെ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്ക് മുൻഗണന
- സ്വന്തമായി വസ്തുവോ വീടോ ഇല്ല എന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം

8. എൻ. ഡി. എഫ്. ഡി. സി വായ്പ

നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ (എൻ. ഡി. എഫ്. ഡി. സി.) വായ്പപദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസിയാണ് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ. 2000 മുതൽ നാഷണൽ ദിവ്യാംഗൻ ഫിനാൻസ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ വിദ്യാഭ്യാസ, വാഹന, ഭവന വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്. സി. എ ഷെയർ എന്ന നിലയ്ക്ക് കോർപ്പറേഷൻ നൽകുന്നു. കൂടാതെ, സ്വയം തൊഴിൽ വായ്പയ്ക്ക്, കാലാവധി കഴിഞ്ഞ വായ്പ ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം തീർപ്പാക്കുന്നവർക്ക് പലിശ, പിഴപലിശ ഇനത്തിൽ പരമാവധി 25,000/- രൂപ ഇളവും മരണപ്പെട്ടവരുടെ അവശേഷിക്കുന്ന വായ്പ തുകയും, പലിശയും, പിഴപലിശയും മാനദണ്ഡങ്ങൾ

പ്രകാരം എഴുതിതള്ളി വായ്പ തീർപ്പാക്കൽ, വായ്പ കാലാവധിക്കുള്ളിൽ വായ്പ തീർപ്പാക്കുന്നവർക്ക് മാനദണ്ഡങ്ങൾ പ്രകാരം 20% സബ്സിഡി എന്നിവ അനുവദിച്ചുവരുന്നു.

പലിശനിരക്ക് ചുവടെ ചേർക്കുന്നു.

1. സ്വയംതൊഴിൽ, വാഹന വായ്പ

| വായ്പ തുക | പലിശ |
|---|---|
| 50,000/- രൂപ വരെ | 5% |
| 50,001- 5,00,000/- രൂപ വരെ | 6% |
| 5,00,001- 15,00,000/- രൂപ വരെ | 7% |
| 15,00,001- 30,00,000/- രൂപ വരെ | 8% |
| 30,00,001-50,00,000/- രൂപ വരെ | 9% |

2. ഭവന വായ്പ (മെറിഹോം)

| വായ്പ തുക | പലിശ ഭവന വായ്പ |
|---|---|
| 50,000/- രൂപ വരെ | 5% |
| 50,001- 5,00,000/- രൂപ വരെ | 6% |
| 5,00,001- 50,00,000/- രൂപ വരെ | 7% |

3. വിദ്യാഭ്യാസ വായ്പ

| വായ്പ തുക | വിദ്യാഭ്യാസ വായ്പ |
|---|---|
| 50,00,000/- രൂപ വരെ | 4% |

(50,000/- രൂപ വരെയുള്ള വായ്പക്ക് കാഴ്ച, കേൾവി, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് 1% പലിശയിളവ്)

9 . <u>ഭിന്നശേഷിക്കാരായവർക്ക് എസ്.എസ്.എൽ.സി, പ്ലസ്-2 വിദ്യാർത്ഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്</u>

40% മോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും, കേരള സംസ്ഥാനത്ത് സ്ഥിര താമസമുള്ളവരും നടപ്പ് അക്കാദമിക വർഷത്തിൽ എസ്.എസ്.എൽ. സി, പ്ലസ് ടു പരീക്ഷകളിൽ എ ഗ്രേഡോ അതിന് മുകളിലോ മാർക്ക് വാങ്ങി ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് 5,000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിന് ഗ്രേഡ് നിബന്ധനയില്ല)

10. <u>ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപപദ്ധതി</u>

ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ 20,000/- രൂപ വരെ 18 വയസ്സ് വരെ സ്ഥിര നിക്ഷേപം നടത്തുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

യോഗ്യത :

1. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർ
2. പ്രതിവർഷ കുടുംബ വരുമാനം 1,00,000/- രൂപ വരെ
3. പ്രായപരിധി - നവജാതശിശു മുതൽ 12 വയസ്സ് വരെ

എ) ട്രസ്റ്റി- കോർപ്പറേഷൻ

ബി) ഫണ്ട് റിലീസ് - 18 വയസ്സിന് ശേഷമോ അത്യാവശ്യ ഘട്ടങ്ങളിലോ

11. <u>പാറശ്ശാലയിലെ (സാഫല്യം) വയോജന പരിചരണ കേന്ദ്രം</u>

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ (സാഫല്യം) എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും, സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും പുരുഷന്മാരുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

12. <u>ഭവന വായ്പ (മെറിഹോം) പദ്ധതി</u>

കേരളത്തിലെ ഭവനരഹിതരായ ഭിന്നശേഷിക്കാർക്ക് അർഹതയ്ക്ക് വിധേയമായി വീട് നിർമ്മാണത്തിനും വീട് വയ്ക്കുന്നതിനും വായ്പ നൽകുന്ന പദ്ധതിയാണ് മെറിഹോം പദ്ധതി. ടി പദ്ധതി പ്രകാരം പരമാവധി 50 ലക്ഷം രൂപ വരെ വായ്പ അനുവദിച്ചു വരുന്നു. വായ്പക്ക് അപേക്ഷിക്കുന്നവർ 40%മോ അതിനു മുകളിലോ ഭിന്നശേഷിത്വമുള്ളവരും കേരളത്തിൽ സ്ഥിര താമസമുള്ളവരുമായിരിക്കണം. പ്രോജക്ട് അപ്രൈസൽ കമ്മിറ്റി തീരുമാനമനുസരിച്ചാണ് ലോൺ തുക അനുവദിക്കുന്നത്. ടി പദ്ധതി അനുസരിച്ച് 5 ലക്ഷം രൂപ വരെ 6% വും 5 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ 7% വുമാണ് പലിശ ഈടാക്കുന്നത്.

20-03-2025

**ഡോ ആർ ബിന്ദു**
MINISTER

<u>അനുബന്ധം 2</u>

## ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലൂടെ സഹായം ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ

| ക്രമ നം. | പദ്ധതി | 2021-22 | | 2022-23 | | 2023-24 | | 2024-25 | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|
| | | രൂപ ലക്ഷത്തിൽ | ഗുണഭോക്താക്കളുടെ എണ്ണം | രൂപ ലക്ഷത്തിൽ | ഗുണഭോക്താക്കളുടെ എണ്ണം | രൂപ ലക്ഷത്തിൽ | ഗുണഭോക്താക്കളുടെ എണ്ണം | രൂപ ലക്ഷത്തിൽ | ഗുണഭോക്താക്കളുടെ എണ്ണം | രൂപ ലക്ഷത്തിൽ | ഗുണഭോക്താക്കളുടെ എണ്ണം |
| I | **ശുഭയാത്ര പദ്ധതി** | | | | | | | | | | |
| | ഹൈടെക് ലിംപ്, ഇലക്ട്രോണിക് വീൽചെയർ, ശബ്ദാനുസരണ സോഫ്റ്റ് വെയർ ഉള്ള ലാപ്ടോപ്പ്, പവർ ബെഡ് തുടങ്ങിയ ആധുനിക ഉപകരണങ്ങളു | 218.38 | 592 | 101.1 | 1075 | 126.56 | 1304 | 30.47 | 315 | 476.51 | 3286 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | ടെയും പ്രത്യേകാവശ്യങ്ങൾക്കുള്ള മറ്റ് ആധുനിക സാമഗ്രികളുടെയും സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം | | | | | | | | | | |
| | സൈഡ് വീലോടു കൂടിയ മോട്ടോറൈസ്ഡ് സ്കൂട്ടറുകളുടെ സബ്സിഡി | 2.2 | 15 | 1.93 | 13 | 4.94 | 33 | 3.55 | 24 | 12.62 | 85 |
| | ആകെ തുക | | | | | | | | | **489.13** | **3371** |
| II | **ആശ്വാസം പദ്ധതി** | | | | | | | | | | |
| | സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി) | 16.27 | 61 | 1.46 | 10 | 6.79 | 20 | 7.23 | 32 | 31.75 | 123 |
| | സ്വയം സഹായ | 0.6 | 3 | | | 3 | 15 | | | 3.60 | 18 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ഗ്രൂപ്പകൾക്ക് സഹായം | | | | | | | | | |
| | ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി) | 31.83 | 637 | 4.45 | 89 | 10.1 | 202 | | | 46.38 | 928 |
| | സ്വയം തൊഴിലിന് വായ്പ ലഭിക്കുന്നതിന് ഈട് നൽകാൻ കഴിവില്ലാത്തവർക്ക് സ്വയം തൊഴിവിനുള്ള സാമ്പത്തിക സഹായം | 22.5 | 90 | 18.25 | 73 | 33 | 132 | | | 73.75 | 295 |
| | മരണപ്പെട്ടവരുടെ അവശേഷിക്കുന്ന വായ്പ തുകയും പലിശയും പിഴ പലിശയും എഴുതി തള്ളൽ, വായ്പ തുക തിരിച്ചട | 19.32 | 36 | | | 39.81 | 75 | 23.37 | 36 | 82.50 | 147 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | വിൽ വീഴ്ച വരുത്തിയവരുടെ പലിശയും, പിഴ പലിശ ഒഴിവാക്കി വായ്പ തീർപ്പാക്കൽ ( ഒറ്റത്തവണ തീർപ്പാക്കൽ) കാലവധിക്കുള്ളിൽ NHFDC വായ്പ്പ തീർപ്പാക്കിയ ബി.പി.എൽ വിഭാഗത്തിന് സബ്സിഡി പദ്ധതി | | | | | | | | | | |
| 7 | NHFDC ലോണിന്റെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി വിഹിതം | 46.54 | 216 | | | 61.14 | 240 | 69.95 | 277 | 177.63 | 733 |
| | ആകെ തുക | | | | | | | | | **415.61** | **2244** |
| **III** | **ഹസ്തദാനം പദ്ധതി** | | | | | | | | | | |
| | ഭിന്നശേഷിക്കാരായ വിദ്യാ | 34.15 | 683 | | | 36.55 | 731 | 20 | 400 | 90.70 | 1814 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | ർത്ഥികൾക്കുള്ള പ്രൊഫിഷ്യൻസി അവാർഡ് | | | | | | | | | | |
| | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥിര നിക്ഷേപ പദ്ധതി | 95 | 475 | | | 14.4 | 72 | | | 109.40 | 547 |
| | പാറശ്ശാലയിലെ വൃദ്ധസദനം | 12 | | | | 12 | | 6 | 21 | 30.00 | 21 |
| | ആകെ തുക | | | | | | | | | **230.10** | **2382** |
| IV | **എൻ. ഡി. എഫ്. ഡി. സി. വായ്പപദ്ധതി** | | | | | | | | | | |
| | സ്വയംതൊഴിൽ, വിദ്യാഭ്യാസം, വാഹനവായ്പ, ഭവനവായ്പ (എ | 1322.77 | 1355 | 1065.26 | 301 | 2094.48 | 258 | 1994.77 | 241 | 6477.28 | 2155 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | ൻ.എച്ച്. എപ്.ഡി. സി വായ്പ പദ്ധതി) | | | | | | | | | | |
| | **ആകെ** | 1822 | 4163 | 1192 | 1561 | 2443 | 3082 | 2155 | 1346 | 7612.12 | 10152 |

20-03-2025

**ഡോ ആർ ബിന്ദു**
MINISTER